**"ഭരണഭാഷ – മാതൃഭാഷ"**

നം. എസ്.പി.2/9857/2026/ഡി.ജി.ഇ പൊതുവിദ്യാഭ്യാസഡയറക്ടറുടെകാര്യാലയം,
തിരുവനന്തപുരം, തീയതി: 09-06-2026
ഇ-മെയിൽ - supdtsp.dge@kerala.gov.in

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം – സൗജന്യ സ്കൂൾ യൂണിഫോം വിതരണം 2026-27 യൂണിഫോം അലവൻസ് – വിവര ശേഖരണം - സംബന്ധിച്ച്.

*********

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്തു വരുന്നു. സർക്കാർ എൽ.പി & യു.പി സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും, എൽ.പി വിഭാഗം മാത്രമുള്ള എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും ഹാന്റ് ലൂം & ടെക്സ്റ്റയിൽസ് ഡയറക്ടർ മുഖാന്തരമാണ് സൗജന്യ 'കൈത്തറി യൂണിഫോം' വിതരണം ചെയ്ത് ചെയ്തുവരുന്നത്.

സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും, 1 മുതൽ 5 വരെ ക്ലാസ്സുകൾ മാത്രമുള്ള എയ്ഡഡ് എൽ.പി സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും, 1 മുതൽ 7 വരെ ക്ലാസ്സുകൾ മാത്രമുള്ള എയ്ഡഡ് അപ്പർപ്രൈമറി സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖാന്തരം സൗജന്യ യൂണിഫോം അലവൻസ് വിതരണം ചെയ്തുവരുന്നു. അതോടൊപ്പം, സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് (ബി.പി.എൽ വിഭാഗം ആൺകുട്ടികൾക്കും, എല്ലാ പെൺകുട്ടികൾക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കും) സമഗ്രശിക്ഷാ കേരള (എസ്.എസ്.കെ) വഴിയും സൗജന്യ യൂണിഫോം അലവൻസ് വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം യൂണിഫോം അലവൻസ് ഇനത്തിൽ ഒരു കുട്ടിക്ക് ആകെ രണ്ട് ജോഡി യൂണിഫോമുകൾക്ക് 600/- (അറുനൂറ് രൂപ മാത്രം) രൂപ ലഭിക്കുന്നതിന് അർഹതയുള്ളതാണ്.

2026-27 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖാന്തരം സൗജന്യ യൂണിഫോം അലവൻസിന് അർഹരായ കുട്ടികൾക്ക്, (അതായത് സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും, 1 മുതൽ 5 വരെ ക്ലാസ്സുകൾ മാത്രമുള്ള എയ്ഡഡ് എൽ.പി സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും), 1 മുതൽ 7 വരെ ക്ലാസ്സുകൾ മാത്രമുള്ള എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും മേൽപ്രകാരം യൂണിഫോം അലവൻസ് ഇനത്തിൽ 600/- (അറുനൂറു രൂപ മാത്രം) രൂപ അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ 2026-27 അധ്യയനവർഷത്തിൽ നിലവിലുള്ള കുട്ടികളുടെ എണ്ണം ഇതോടൊപ്പമുള്ള മാതൃകയിൽ (**പ്രോഫോർമ 1,**

2 & 3) ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ സമയബന്ധിതമായി ശേഖരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

1. യൂണിഫോം അലവൻസിന് മേൽ പ്രകാരം അർഹരായ കുട്ടികളുടെ എണ്ണം നിർദ്ദിഷ്ട മാതൃകയിൽ (പ്രോഫോർമ 1, 2 & 3) ശേഖരിച്ച് 19/06/2026 നകം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ടോ Supdtsp.dge@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കേണ്ടതാണ്.
2. ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നുള്ള വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ ശേഖരിച്ച് കൃത്യമായി ക്രോഡീകരിച്ച് ഇതോടൊപ്പം തന്നിരിക്കുന്ന പ്രോഫോർമകളിൽ രേഖപ്പെടുത്തി നിശ്ചിത സമയപരിധിക്കകം തന്നെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.
3. പ്രോഫോർമയിൽ യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടുള്ളതല്ല.
4. യൂണിഫോം അലവൻസിന് അർഹരായ കുട്ടികളുടെ നിലവിലെ എണ്ണം (2026-27 അദ്ധ്യയന വർഷത്തെ) പ്രസ്തുത പ്രോഫോർമയിൽ ഉൾപ്പെടുത്തേണ്ടതും ഇപ്രകാരം ഉൾപ്പെടുത്തുന്ന വിവരങ്ങളുടെ ആധികാരികത/കൃത്യത ഉറപ്പാക്കേണ്ടതുമാണ്.
5. യൂണിഫോം അലവൻസിന് അർഹരായ കുട്ടികളുടെ എണ്ണം, ഉപജില്ല വിദ്യാഭ്യാസ ഓഫീസ് തലത്തിൽ ശേഖരിക്കുന്ന അവസരത്തിൽ, സ്കൂളുകളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ ആധികാരികത/കൃത്യത ഉറപ്പാക്കിക്കൊണ്ടുള്ള ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകരുടെ സാക്ഷ്യപത്രം ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ വാങ്ങി സൂക്ഷിക്കേണ്ടതും, ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ ലഭ്യമാക്കുന്ന വിവരങ്ങളുടെ ആധികാരികത/കൃത്യത ഉറപ്പാക്കിക്കൊണ്ടുള്ള ബന്ധപ്പെട്ട ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാരുടെ സാക്ഷ്യപത്രം വിദ്യാഭ്യാസ ഉപഡയറക്ടർമാർ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.(മാതൃക ഉള്ളടക്കം ചെയ്യുന്നു.)
6. യൂണിഫോം അലവൻസിന് അർഹരായ കുട്ടികളുടെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മേൽ വിവരങ്ങൾ എണ്ണം നിലവിലെ കൃത്യതയോടെ സമർപ്പിക്കുന്നതിൽ വീഴ്ച ഉണ്ടാകുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നതും, കുട്ടികൾക്ക് യൂണിഫോം അലവൻസ് നഷ്ടമാകുന്ന സാഹചര്യം സൃഷ്ടിക്കുമെങ്കിൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ/പ്രധാനാദ്ധ്യാപകരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി വകുപ്പ്തല നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

Digitally signed by
Asif K Yusuf
Date: 09-06-2026
11:49:26

സ്വീകർത്താവ്:-

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

പകർപ്പ്:-

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്

1. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. എല്ലാ പ്രധാനാധ്യാപകർക്കും (സർക്കാർ/എയ്ഡഡ്)
3. കരുതൽ ഫയൽ

**ഉള്ളടക്കം : പ്രോഫോർമ 1, 2 & 3 അനുബന്ധം1 & 2**

| യൂണിഫോം അലവൻസ് പ്രോഫോർമ - 1 | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | ജില്ല | ഉപ ജില്ല | സർക്കാർ ഹൈസ്കൂളിലെ 1 മുതൽ 8 വരെയുള്ള എ.പി.എൽ വിഭാഗം ആൺകുട്ടികളുടെ എണ്ണം (Composite School) | | | | | | | | |
| | | | ക്ലാസ് 1 | ക്ലാസ് 2 | ക്ലാസ് 3 | ക്ലാസ് 4 | ക്ലാസ് 5 | ക്ലാസ് 6 | ക്ലാസ് 7 | ക്ലാസ് 8 | ആകെ |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | ആകെ | | | | | | | | | |

| യൂണിഫോം അലവൻസ് പ്രോഫോർമ -2 | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം | ജില്ല | ഉപ ജില്ല | എയ്ഡഡ് ഹൈസ്കൂളിലെ 1 മുതൽ 8 വരെയുള്ള മുഴുവൻ കുട്ടികളുടെ എണ്ണം (എയ്ഡഡ് അപ്പർ പ്രൈമറി ഉൾപ്പെടെ) | | | | | | | | |
| | | | ക്ലാസ് 1 | ക്ലാസ് 2 | ക്ലാസ് 3 | ക്ലാസ് 4 | ക്ലാസ് 5 | ക്ലാസ് 6 | ക്ലാസ് 7 | ക്ലാസ് 8 | ആകെ |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | **ആകെ** | | | | | | | | | |

| യൂണിഫോം അലവൻസ് പ്രോഫോർമ -3 | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | ജില്ല | ഉപ ജില്ല | 1 മുതൽ 5 വരെ ക്ലാസുകൾ മാത്രമുള്ള (എൽ.പി.വിഭാഗം ) എയ്ഡഡ് സ്കൂളിലെ കുട്ടികളുടെ എണ്ണം | | | | | |
| | | | ക്ലാസ് 1 | ക്ലാസ് 2 | ക്ലാസ് 3 | ക്ലാസ് 4 | ക്ലാസ് 5 | ആകെ |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| ആകെ | | | | | | | | |

**അനുബന്ധം - 1**

**ലഘു വിവരണം**

| ക്രമ നം. | യൂണിഫോം/യൂണിഫോം ഗ്രാൻഡ് | സ്കൂൾ തരം |
|---|---|---|
| 1 | കൈത്തറി യൂണിഫോം | സ്റ്റാൻഡ് എലോൺ എൽ.പി, യു.പി സ്കൂളുകൾ (സർക്കാർ വിഭാഗം) |
| | | സ്റ്റാർഡ് എലോൺ എൽ.പി സ്കൂൾ (എയ്ഡഡ് വിഭാഗം) |
| 2 | യൂണിഫോം ഗ്രാൻഡ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് | കോമ്പസിറ്റ് സ്കൂളിലെ (ഹൈസ്കൂൾ) 1 മുതൽ 8 വരെയുള്ള എ.പി.എൽ വിഭാഗം ആൺകുട്ടികൾ (സർക്കാർ വിഭാഗം) |
| | | കോമ്പസിറ്റ് സ്കൂളിലെ (ഹൈസ്കൂൾ) 1 മുതൽ 8 വരെയുള്ള എല്ലാ കുട്ടികൾക്കും (എയ്ഡഡ് വിഭാഗം)<br>1 മുതൽ 7 വരെയുള്ള അപ്പർ പ്രൈമറി സ്കൂൾ (എയ്ഡഡ് വിഭാഗം) |
| | | 1 മുതൽ 5 വരെയുള്ള (എയ്ഡഡ് പ്രൈമറി വിഭാഗം) |
| 3 | എസ്.എസ്.കെ മുഖാന്തിരം നൽകുന്ന അലവൻസ് | കോമ്പസിറ്റ് സ്കൂളിലെ (ഹൈസ്കൂൾ) 1 മുതൽ 8 വരെയുള്ള കുട്ടികൾക്ക് (ബി.പി.എൽ വിഭാഗം ആൺകുട്ടികൾക്കും, എല്ലാ പെൺകുട്ടികൾക്കും, പട്ടിക ജാതി/ പട്ടിക വർഗ്ഗം ആൺകുട്ടികൾക്കും ) |

**കോമ്പസിറ്റ് സ്കൂൾ (ഹൈസ്കൂൾ)**

1 മുതൽ 10 വരെയുള്ള സ്കൂളുകൾ

5 മുതൽ 10 വരെയുള്ള സ്കൂളുകൾ

8 മുതൽ 10 വരെയുള്ള സ്കൂളുകൾ

**സ്റ്റാൻഡ് എലോൺ എൽ.പി സ്കൂൾ**

എൽ.പി സ്കൂൾ മാത്രമായി പ്രവർത്തിക്കുന്നത്

**അനുബന്ധം - 2**

**<u>സാക്ഷ്യ പത്രം</u>**

2025 - 26 അധ്യയന വർഷത്തെ യൂണിഫോം അലവൻസിന് അർഹരായ ................................... (ജില്ലയിലെ/ ഉപജില്ലയിലെ/ സ്കൂളിലെ) മുഴുവൻ കുട്ടികളുടെയും എണ്ണം ബന്ധപ്പെട്ട പ്രോഫോർമയിൽ (പ്രോഫോർമ 1, 2, &3) ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി: സീൽ ഒപ്പ്,

(സ്ഥാപന മേധാവി)